സ്കൂൾ തലത്തിലെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാതല അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകാം. ജില്ലാതല അപ്പീൽ കമ്മിറ്റിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് പ്രതിനിധി, അതാത് വിഷയത്തിലെ എസ് ആർ ജി/ഡി ആർ ജി എന്നിവർ ഉൾപ്പെടുന്നു. ഈ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് സംസ്ഥാനതല അപ്പീൽ കമ്മിറ്റിയിൽ പരാതി നൽകാം. വിദ്യാഭ്യാസ ഡയറക്ടർ/അഡി. ഡയറക്ടർ (അക്കാഡമിക്) എസ്.സി.ഇ.ആർ.റ്റി. ഫാക്കൽറ്റി, ഒരു സബ്ജക്റ്റ് എക്സ്പർട്ട് എന്നിവർ ഉൾപ്പെട്ടതാണ് സംസ്ഥാനതല അപ്പീൽ കമ്മിറ്റി.

(സി) തീരുമാനിച്ചിട്ടുണ്ട്. 2005-06 വർഷം മുതൽ തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

എസ്.എസ്.എ. പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി

123 [722] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) അദ്ധ്യാപക പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാനത്തിന് പൂർണ്ണ സ്വാതന്ത്ര്യം നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാന/ജില്ല/പഞ്ചായത്ത്/സ്കൂൾതല പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ പുനഃസംവിധാനം ചെയ്ത് ഉത്തരവായി. ജനപ്രതിനിധികൾക്ക് പ്രാമുഖ്യം നൽകിയാണ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† ജില്ലകളുടെ ചുമതല വീതിച്ച് നൽകി മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ ജില്ലകളിലെ പ്രവർത്തനങ്ങളുടെ ഓഡിറ്റിംഗും നടത്തുന്നുണ്ട്. ജില്ലകളിലെ പ്രവർത്തന പുരോഗതി എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വിലയിരുത്തിവരുന്നു. ജില്ലകളിൽ ട്രെയിനർമാരെയും സപ്പോർട്ടിംഗ് സ്റ്റാഫിനെയും നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) അദ്ധ്യാപക പരിശീലനം കാര്യക്ഷമമാക്കുന്നതിനായി വിഷയാടിസ്ഥാനത്തിൽ സമഗ്രമായ പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിനായി സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിന് 4 ദിവസത്തെ പരിശീലനം ബാംഗ്ളൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിലെ പ്രഗൽഭരെക്കൊണ്ട് നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും തെരഞ്ഞെടുത്ത 10 പേർക്ക് 15 ദിവസത്തെ പരിശീലനം ബാംഗ്ളൂരിൽ ഈ സ്ഥാപനത്തിൽവച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടിയായി ജില്ലാ റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനം പൂർത്തിയായിട്ടുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഫണ്ട് വിനിയോഗത്തിൽ ചില വ്യതിയാനങ്ങൾ വരുത്താൻ സംസ്ഥാന ഗവൺമെന്റിന് സ്വാതന്ത്ര്യം ഉണ്ടാവണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൂമിശാസ്ത്ര അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ

124 [723] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഭൂമിശാസ്ത്ര ജൂനിയർ, സീനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകൾ വീതമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണം നേരിട്ട് നിയമനം നടത്തേണ്ടവയെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ട്രാൻസ്ഫറിലൂടെ നിയമനം നടത്തുവാൻ യോഗ്യരായ ഭൂമിശാസ്ത്ര അദ്ധ്യാപകരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ ആകെ എത്ര പേർ ഉണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) ട്രാൻസ്ഫറിലൂടെ നിയമിക്കുവാനായി നീക്കിവച്ചിട്ടുള്ളതും എന്നാൽ യോഗ്യരായവർ ഇല്ലാത്തതുകൊണ്ടും നിയമിക്കുവാൻ കഴിയാതെയിരിക്കുന്നതുമായ ഒഴിവുകളിൽ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂമിശാസ്ത്ര സീനിയർ അദ്ധ്യാപകരുടെ 120 തസ്തികകളും ജൂനിയർ അദ്ധ്യാപകരുടെ 25 തസ്തികകളുമാണ് ഉള്ളത്. ഇതിൽ സീനിയർ അദ്ധ്യാപകരുടെ 90 തസ്തികകളും ജൂനിയർ അദ്ധ്യാപകരുടെ 19 തസ്തികകളും നേരിട്ട് നിയമനം നടത്തേണ്ടവയാണ്.

(ബി) സീനിയർ, ജൂനിയർ തസ്തികകളിലെ നേരിട്ട് നിയമനത്തിനായുള്ള മുഴുവൻ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റിൽ ആകെ 15 പേരാണ് ഉണ്ടായിരുന്നത്. 15 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ഡി) യോഗ്യരായ അദ്ധ്യാപകരുടെ അഭാവത്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കു വിധേയമായി നിയമനം നടത്തുന്നതാണ്.

ഹയർ സെക്കണ്ടറി മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നടപടി

125 [724] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് രൂപീകരിക്കുമ്പോൾ അതിനുകീഴിൽ എത്ര സ്ക്കൂളുകളും അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[7-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 123(722) സഭയം കാണുക.]

GOVERNMENT OF KERALA

Abstract

GENERAL EDUCATION DEPARTMENT—IMPLEMENTATION OF SSA—RECONSTITUTION OF MONITORING COMMITTEE AT STATE LEVEL, DISTRICT LEVEL, GRAMA PANCHAYAT LEVEL/ MUNICIPAL—CORPORATION LEVEL AND SCHOOL LEVEL AND RENAMING OF THE COMMITTEE AS PLANNING AND MONITORING COMMITTEE-MODIFICATION OF EXISTING ORDERS—APPROVED—ORDERS ISSUED

GENERAL EDUCATION (D) DEPARTMENT

G.O.(Rt.)No.4899/2004/G.Edn. *Dated, Thiruvananthapuram, 17th November 2004.*

Read:— 1. G.O.(Rt.)No. 3657/2003/G.Edn. dated 11-9-2003.
2. G.O.(Rt.)No. 4153/2003/G.Edn. dated 14-10-2003.
3. G.O.(Rt.)No. 920/2004/G.Edn. dated 1-3-2004.
4. Letter No. A3-4035/2004/SSA, dated 16-10-2004 from State Project Director, SSA, Thiruvananthapuram.

ORDER

In partial modification to the Government order read as I to III papers above Government hereby reconstitute the Monitoring Committee as follows:

I. State Level

1. MLA's : 3 members (One belong to General, one lady and one SC/ST)
2. MPs : 3 members (One belong to General, one lady and one SC/ST)
3. One representative each of Grama Panchayat President's Association, District Panchayat Presidents, Mayors, Municipal Chairmen and Block Panchayat Presidents.

2/2308/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

4. One Deputy Director of Education.
5. Media representatives.
   (a) Director of Information and Public Relations.
   (b) Representatives from Print and Electronic Media-4.

II. District Level

Chairman	:	District Panchayat President
Vice Chairman	:	District Panchayat Education Standing Committee Chairman
Special invitees	:	Member of Parliament and Member of Legislative Assembly.
Member Secretary	:	Deputy Director of Education
Convener	:	District Project Officer, SSA
Members	:	Representative of Mayor/Muncipal Chairman-1 number Representative of Block Panchayat-1 number Representative of Grama Panchayat-1 number Principal, DIET District Education Officer, Assistant Educational Officer-1 3 representatives of Headmasters (One from LP, one UP and one from High School) Executive Engineer (LSGD) One representative each from Teacher Organization-4 SC/ST representative-1 Woman representative-1 District Social Welfare Officer Executive Engineer, Kerala Water Authority District Medical Officer (Health) District Information Officer, Public Relations Department Representatives from Print and Electronic Media-4 members Educationist-2 members Representative from Block Programme Officer-1 number

LIBRARY ARCHIVES Kerala Legislative Assembly

III. Block Level

Block Panchayats are not assigned with any duties and powers in respect of Educational Activities. Hence Block Level Committee is dissolved.

IV. Grama Panchayat Level/Muncipality Level/Corporation Level

Chairman	-	Gramapanchyat President/Corporation Mayor/Muncipal Chairman
Vice Chairman	-	Standing Committee Chairman
Convener	-	Block Programme Officer
Members	-	Headmaster of the lead school in CRC-1 number
		Headmasters' representatives-3 Nos. (One from LP, One from UP and one from HS)
		Representative from Parent Teacher Association-1 number
		Representative of Mother PTA-1 number
		Representative of parents of disabled children-1 number
		SC/ST representative-1 number
		Woman representative-1 number
		Academic Co-ordinator form DIET-1 number
		Representative of Anganvadi workers-1 number
		Assistant Engineer (LSGs)-1 number
		Educationist-2 numbers
		NGO Representative-1 number

LIBRARY ARCHIVES Kerala Legislative Assembly

V. School Level Committee

Chairman	-	Ward Member
Vice Chairman	-	PTA President
Convener	-	Headmaster
Members	-	2 members from Mother PTA All Teachers SC/ST Representative-1 number Parent of disabled children-1 number

Government are also pleased to rename the Committee as "Planning and Monitoring Committee of SSA" instead of Monitoring Committee of SSA. The Government orders read as I to III paper above stand modified to the above extent.

By order of the Governor,

SAJEN PETER,
Secretary to Government.

To

The State Project Director, SSA, Thiruvananthapuram.

The Director of Public Instruction, Thiruvananthapuram.

The Accountant General (Audit/A&E), Kerala, Thiruvananthapuram.

SF/OC.

Copy to disposal leading to:—1. G.O. (Rt.) No. 3657/2003/GEdn., dated 11-9-2004.

2. G.O. (Rt.) No. 4153/2003/GEdn., dated 14-10-2003.

3. G.O. (Rt.) No. 920/2004/GEdn., dated 1-3-2004.

LIBRARY ARCHIVES Kerala Legislative Assembly